സാഹിത്യത്തിന്റെയും കലകളുടെയും ഈറ്റില്ലമായ കൊൽക്കത്ത, സഹൃദയർക്കും കലാപ്രവർത്തകർക്കും സ്വപ്ന നഗരിയാണ്. ആകസ്മികമായി എത്തപ്പെട്ട ഈ മഹാനഗരത്തിൽ നാടക കലയെ ഉപാസിച്ച ഒരു ബാങ്കറെയാണ് ഈ ആഴ്ച പരിചയപ്പെടുത്തുന്നത്.

ശ്യാം സുകുമാരൻ
ചീഫ് മാനേജർ ടെക്നിക്കൽ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ.

അദ്ധ്യാപക ദമ്പതികളായ സുകുമാരൻ മാഷിന്റെയും ശശികല ടീച്ചറുടേയും മകനായി 1984 ൽ മലപ്പുറം വാളാഞ്ചേരിയിൽ ജനനം. നാലാം ക്ലാസ് വാർഷികാവധി കാലത്ത് ബാലസംഘത്തിന്റെ വേനൽത്തുമ്പി അഭിനയ ക്യാമ്പിലേക്ക് ഉള്ള തിരഞ്ഞെടുപ്പ് നടക്കുന്നു. ബസ് കണ്ടക്ടറെ അഭിനയിപ്പിച്ച് ഫലിപ്പിക്കുക എന്ന ദൗത്യം നിഷ്പ്രയാസത്തോടെ തന്മയത്തിൽ ചെയ്ത് കാണിച്ചപ്പോൾ തന്നെ ക്യാമ്പിലേക്കുള്ള അംഗത്വം ഉറപ്പായിരുന്നു. കുട്ടി ശ്യാമിന്റെ കൃത്യമായ നിരീക്ഷണവും, വളരെ സൂക്ഷ്മമായ തൊഴിൽഭാവങ്ങൾ ഒപ്പിയെടുക്കുന്ന നൈപുണ്യവും തേച്ചുമിനുക്കാൻ ക്യാമ്പിനായി. ഏകദേശം പതിനഞ്ച് ദിവസം നീണ്ടുനിൽക്കുന്ന സഹവാസ ക്യാമ്പ്, എങ്കിലും വീട്ടിൽ നിന്നും മാറിനിൽക്കേണ്ടി വരുന്ന വിഷമം അല്പം സങ്കടം ഉണ്ടാകാതിരുന്നില്ല, എന്നിരുന്നാലും വിവിധ ദേശങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും വരുന്ന കൂട്ടുകാരുമായുള്ള സങ്കലനം ശ്യാമിനു വലിയൊരു അനുഭവത്തുടക്കമായി എന്ന് പറയുന്നതാണ് ശരി. പുതിയ കൂട്ടുകാർക്കൊപ്പം കഥ, കവിത, സംഗീതശില്പം, അഭിനയ പാഠങ്ങൾ അങ്ങനെ വ്യത്യസ്തമായ അനുഭവ പാഠങ്ങൾ. ഈ രംഗപടത്തിൽ നിന്നാണ് ശ്യാമിലെ നാടകപ്രവർത്തകന്റെ ഉദയം. പിന്നാലെ മറ്റൊരു ക്യാമ്പ് കൂടെ, തെരുവ് നാടകം കൂടാതെ സ്കൂളുകളിലെ നാടകാവതരണം ഒക്കെ ചേർന്ന് നല്ല ജീവിത ഉൾക്കാഴ്ച ആണ് രൂപപ്പെട്ട് വന്നതെന്ന് ഇന്നിപ്പോൾ ഓർത്തെടുക്കുന്നു.

ആറാം ക്ലാസ് ആയപ്പോൾ ഗോവയിലേക്ക് ഇത് പോലൊരു കലാസംഘ യാത്ര അതും പാട്ടും കളിചിരി മേളങ്ങളുമായി ബസിൽ, വീട്ടിൽ നിന്ന് ആരും കൂട്ടിനില്ലങ്കിലും ആ വിഷമം സംഘാംഗങ്ങൾ ഉണ്ടാക്കാനനുവദിച്ചില്ല എന്നതാണ് ശരി. പലനാടുകളിലെ മനുഷ്യരുടെ സ്വഭാവ വിശേഷങ്ങൾ, അവരുടെ ഭാവചലനങ്ങളൊക്കെ അറിഞ്ഞും അറിയാതെയും മനസിൽ തറഞ്ഞു. സ്കൂളിൽ വച്ച് മോണോ ആക്ട്, തബല, നാടകം അങ്ങനെ കലാമത്സരങ്ങളിൽ, ഉപജില്ലാ കലോത്സവത്തിലും സമ്മാനങ്ങൾ പ്രോത്സാഹനമായി ഉണ്ടായിരുന്നു. എന്തുകൊണ്ടോ കോളെജ് കാലത്ത് കലാപ്രവർത്തനങ്ങൾക്ക് ലേശം വേഗത കുറഞ്ഞു. പ്രീഡിഗ്രി വാളാഞ്ചേരി എം ഇ എസ് ലും എഞ്ചിനീയറിംഗ് ബിരുദം ചെന്നൈ യിൽ നിന്നും. ഒരു പക്ഷെ തമിഴ് നാട്ടിലെ പഠനാന്തരീക്ഷവും കലയ്ക്ക് പറ്റിയ വളക്കൂറുള്ള മണ്ണുണ്ടാക്കിയില്ല എന്നതാകും ശരി. എന്നിരുന്നാലും ചെന്നൈയിൽ ഉത്സവാഘോഷ അനുബന്ധമായുള്ള

പരിപാടികളുടെ സംഘാടകൻ എന്ന നിലയിൽ ചില ചെറിയ ഇടപെടലുകൾ.

കോളെജ് വിദ്യാഭ്യാസാനന്തരം അല്പകാലം അദ്ധ്യാപകന്റെ കുപ്പായമണിഞ്ഞു, താമസിയാതെ തിരുവനന്തപുരത്തെ പ്രശസ്ത കലാലയമായ സി ഇ ടി യിൽ എംബിഎ യ്ക്ക് ചേർന്നു. അവിടെ നിന്ന് കേരള സർക്കാരിന്റെ കെ എസ് ഐ ഡി സി യിൽ പ്രോജക്ട് എക്സിക്യൂട്ടീവ് ആയി ധനകാര്യ മേഖലയിലെ കരിയർ തുടക്കം, 2010 മാർച്ചിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ മാനേജർ ടെക്നിക്കൽ ആയി നിയമന ഉത്തരവ് ലഭിച്ചതോടെയാണ് ശ്യാമിലെ നാടകപ്രവർത്തകനു രണ്ടാം ജന്മം കിട്ടിയത്. ആദ്യ പോസ്റ്റിംഗ് കലകളുടെ, സംസ്കാരിക പ്രവർത്തനങ്ങളുടെ കേദാരഭൂമിയായ കൊൽക്കത്ത നഗരത്തിൽ. 2011 ൽ ഡോ.അംബികയുമായി വിവാഹം. നിതാര, നിഹിര എന്നീ രണ്ട് മക്കളുമായി നിലവിൽ മംഗളരുവിൽ താമസം. ആയുർവേദ ഡോക്ടറായി സ്വകാര്യപ്രാക്ടീസ് നടത്തുന്ന അംബിക ഇപ്പോൾ സംരംഭക ആകാനുള്ള മാനസിക തയാറെടുപ്പിൽ പദ്ധതികൾ തയാറാക്കുന്നു.

യൂണിയൻ ബാങ്കിലെ ജോലി കലാജീവിത യാത്രയിൽ ആകസ്മിക മാറ്റവും ആയി, കൊൽക്കത്ത ശ്യാമിനെ കാത്തിരുന്നത് പോലെ. ആദ്യം മഹാനഗരം ഒന്ന് പരിഭ്രമിപ്പിച്ചെങ്കിലും, ഒരു വിരസ സായാഹ്നയാത്രയിൽ കണ്ട ബാനർ 'കേരള-കൊൽക്കത്ത ഫെസ്റ്റിവൽ' വഴിത്തിരുവുമായി. കുട്ടിക്കാലത്ത് ആരംഭിച്ച നാടക പ്രണയം ഈ നഗരവുമായി തന്നെ ഇണക്കാൻ വേണ്ടി കാലത്തിന്റെ ചെപ്പിൽ ഒളിപ്പിച്ച് വച്ചിരുന്ന ഒരു കൗതുകമാകാം.

സഹൃദയരുമായി വളരെ പെട്ടെന്ന് തുടങ്ങിയ ഇഴയടുപ്പം, നാടക വേദികളിലേക്കുള്ള പിന്നീടുള്ള ഈടുള്ള ചുവട് വെയ്പായി. കൊൽക്കൊത്തയിലെ നാടക വേദികൾ പതിവ് ഇടങ്ങളാകാൻ അത്ര സമയമെടുത്തില്ല. പരിചയത്തിന്റെ സൗഹൃദത്തിന്റെ ആഴങ്ങൾ നഗരജീവിതം അത്രമേൽ പ്രീയതരമാക്കി. ചെറുതും വലുതുമായ പത്തോളം നാടകങ്ങൾ സംവിധാനം ചെയ്തു, മറ്റ് നാടകങ്ങളിൽ പ്രധാനവും അപ്രധാനവുമായ വേഷപകർച്ചയിലുടെ നാടക നടന്റെ കുപ്പായവും കലാ ജീവിത ഭാഗമായി. സംവിധാനം ചെയ്ത നാടകത്തിൽ അഭിനയിച്ചവർക്ക് പുരസ്കാര തിളക്കവും, മറ്റെന്ത് വേണം ആനന്ദിക്കാൻ. 'വീരശ്രംഖല' എന്ന നാടകത്തിലൂടെയായിരുന്നു അരങ്ങേറ്റം. ഫ്രാൻസിസ് ടി മാവേലിക്കര യുടെ 'ഭീമസേനൻ' എന്ന നാടകത്തിൽ അർജുനന്റെ മുഴുവേള വേഷം ആസ്വാദക ഹൃദയങ്ങളെ ആകർഷിച്ചു.

മുല്ലനേഴിയുടെ കുട്ടികളുടെ നാടകം 'ഇവിടെ രാജാവ്' സംവിധാനം ചെയ്തു, ഇത് സംവിധായകൻ എന്ന നിലയിൽ ആത്മവിശ്വാസമേകി. ഇതിന്റെ ഊർജത്തിൽ കിട്ടിയ അടുത്ത ഊഴം ഒരു ബ്രേക്കിംഗ് ആയി. കരിവള്ളൂർ മുരളിയുടെ 'കുരുതിപ്പാടം' സാങ്കേതിക തികവുള്ള നാടകം എന്ന

നിലയിൽ കൊൽക്കത്തയിൽ ശ്രദ്ധിക്കപ്പെട്ടു. 75 നടീനടന്മാർ വേഷമിട്ട ഈ ഉദ്യമത്തിൽ തിരശീലയ്ക്ക് പിന്നിൽ 30 പേർ, മൂന്നര മണിക്കൂർ ദൈർഘ്യമുള്ള നാടകത്തിൽ സഖാവ് എ.വി.കുഞ്ഞമ്പു എന്ന മുഖ്യവേഷവും സംവിധാനത്തിനൊപ്പം ശ്യാം ചെയ്തു. ഇതോടുകൂടി കൊൽക്കത്തയിലെ അമച്വർ നാടകത്തിൽ നിന്ന് പ്രൊഫഷണൽ തികവുള്ള അവതരണത്തിലേക്കുള്ള സ്വാഭാവിക പരിണാമവും. ബാങ്കിലെ അവധി ദിവസങ്ങളിലും പിന്നെ ജോലി കഴിഞ്ഞുള്ള രാവുകളിലും ഒക്കെ ചേർത്ത് പിടിച്ചാണ് ഇത് സാധിച്ചെടുത്തത് എന്നോർക്കണം. കൊൽക്കത്ത സത്യജിത്ത് റോയ് ഫിലിം ഇൻസ്റ്റിട്യൂട്ടിന്റെ പദ്ധതി ഭാഗമായി ഒരു ഷോർട്ട് ഫിലിമിലും ചെറിയ വേഷമിട്ടു, ഈ പ്രോജക്ടിനു നോൺ ഫീച്ചർ ഗണത്തിൽ ദേശിയ പുരസ്കാരവും കരഗതമായി.

പിന്നീട് കോഴിക്കോട് എ ശാന്തകുമാറിന്റെ രചനയെ അവലംബിച്ച് ഏതാനും നാടകങ്ങൾ സംവിധാനം ചെയ്തു. വളരെ അപൂർവമായെ സംവിധാനം ചെയ്യുന്ന നാടകങ്ങളിൽ അഭിനയിക്കാറുള്ളൂ. റിയാസിന്റെ 'ശീർഷാസനം' എന്ന നാടകം സംവിധാനം ചെയ്തത് സംഗീത നാടക അക്കാദമിയുടെ മത്സരത്തിൽ നല്ല നടിയ്ക്കുള്ള അവാർഡ് സുബിന ബാലകൃഷ്ണൻ എന്ന കലാപ്രവർത്തകയ്ക്ക് നേടിക്കൊടുക്കുവാൻ സാധിച്ചു. 'ഒരു ദേശം നുണ പറയുന്നു', 'ഘടകർപ്പരന്മാർ', 'ദാഹം' (ശാന്തകുമാർ) എന്നിവ സംവിധാന സംരംഭങ്ങളിൽ എടുത്ത് പറയേണ്ടവ. അസീസ് പെരിങ്ങോട് എഴുതിയ 'ബൈത്തുൽ ഫിർദൗസ്' എന്ന നാടകത്തിൽ വിവേക് ചന്ദ്രശേഖരിന് നല്ല നടനുള്ള സംഗീത നാടക അക്കാഡമി അവാർഡ് കിട്ടി. മറ്റു പ്രധാനപ്പെട്ട നാടകങ്ങൾ ആണ് ഹേമന്ത് കുമാർ എഴുതിയ "കുറിയേടത്തു താത്രിയും" "രാധേയനായ കർണനും". പേരറിവാളനെ കുറിച്ചുള്ള 'റീസൈക്കിൾ ബിൻ' എന്ന നാടകവും തികച്ചും സംതൃപ്തി നൽകിയ അനുഭവങ്ങൾ ആയിരുന്നെന്ന് ശ്യാം പറയുമ്പോൾ എൽ പി സ്കൂൾ കാലത്ത് നിന്ന് ആരംഭിച്ച നാടകം ശരിയായ ദിശയിലുള്ള സാർത്ഥക യാത്ര ആയിരുന്നു എന്ന് ഉറപ്പിക്കാം.

കവിതയും പാട്ടും ഫുട്ബാളും ഒക്കെ മറ്റ് കമ്പങ്ങൾ എങ്കിലും സംഘാടകൻ എന്ന നിലയുള്ള ഒരു കാര്യം കൂടി പറയാതെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നത് നിതീകരണമാകില്ല! കൊൽക്കത്തിയിൽ നിന്ന് സ്ഥലമാറ്റമായി 2016 ൽ കോഴിക്കോട് എത്തി. അവിടെ അബ്ദുൾ സലാമുമായി ചേർന്ന സാറ്റർനില എന്ന കലാമാമാങ്കം പദ്ധതിയിട്ടു (നേരത്തെ ടാലന്റ് ബാങ്കറായി ഈ ശനിയാഴ്ച ദളങ്ങളിൽ സലാം ഇടം പിടിച്ചിട്ടുണ്ട്). യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ റിക്രിയേഷൻ ക്ലബിന്റെ ഈ പരിപാടി പതിവിനു വിപരീതമായി ശരിക്കും കോളെജ് യൂത്ത് ഫെസ്റ്റിവൽ പോലെ ആവേശവും കലയുടെ നൂപുരധ്വനികളുമായി ഏറെ ശ്രദ്ധിക്കപ്പെട്ടു. മാനേജ്മെന്റിന്റെയും ജീവനക്കാരുടെ പ്രശംസ പിടിച്ച് പറ്റിയത് കലാസംഘാടകൻ എന്ന നിലയിൽ ശ്യാമിന്റെ പ്രതിഭയ്ക്ക് അടിവരയിടുന്നതായി.

ഇനിയും ഒട്ടേറെ നാടകങ്ങളുമായി വേദികളെ ആകർഷിച്ച് മുന്നേറാനാകട്ടെ എന്നാശംസിക്കുന്നു. ഔദ്യോഗിക ജോലിത്തിരക്കുകൾക്കിടയിലും ഏറെ അദ്ധ്വാനം വേണ്ടുന്ന നാടക സംവിധാനം, അഭിനയം എന്നിവ കൈമോശം വരാതെ കാത്ത് സൂക്ഷിക്കുന്ന ശ്യാം സുകുമാരൻ മറ്റുള്ളവർക്ക് മാതൃകയുമാണ്.

----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ആദർശ് വി കെ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, Saral Lite (MSME Hub) Head, Kozhikode

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

------------------------------------------------------------------------------------------------

Kolkata,being the mother lode of literature and art is doubtless a dream city for artists and art aficionados.Let's introduce this week, a banker who fortuitously made his way to the city and venerated theatrical art.

Shyam Sukumaran,
Chief Manager (Technical),
Union Bank of India.

Shyam was born to the teacher duo-Shri Sukumaran and Smt. Sasikala in 1984 in Valancherry.The selection to the 'Balasangham' acting camp was ongoing amid the vacation days after his fourth grade.His instinctual and eased out perfomance as a bus conductor assured his selection.The camp which lasted for around 15 days helped him with refining his meticulous attention to seemingly trifle details and curiosity to learn, though being away from home bothered him a bit.Truth be said,meeting up with new friends and being in the world of story,poetry,singing and acting incessantly ,for him,was a different experience altogether.Thereon unfurled his delitescent talent as a playwright.From another camp to street dramas and performances at school to a plethora of opportunities coming along, he could have a sharper and indepth insight of the quintessential pathway of artistic endeavours he was about to embark on and trail along for the rest of his life.

When he was in sixth grade, he went on a trip to Goa along with a group of artists.This, had inturn,a multitude of traits and expressions of human beings,deep imprinted on his mind.

Shyam won accolades at school and sub district levels in mono act, tabla, drama and other competitions,however, his artistic endeavours slowed down and turned a bit cold during his college days.
Shyam did his Pre-degree at MES in Valanchery and Engineering Degree at Chennai. He was so withdrawn during those days that he didn't show up much as an artist except for some minor

interventions as an organizer of festival related events in Chennai.

Not so long after college, he worked as a teacher and soon joined CET in Thiruvananthapuram, for pursuing his MBA.He started his career as a project executive in KSIDC under Government of Kerala.He had his reincarnation as an artist afer he got posted as Manager (Technical) in Union Bank of India.His first posting was at Kolkata well-acclaimed for arts and cultural activities. He got married to Dr. Ambika in 2011and they have two children- Nithara and Nihira. Ambika, who practises as an Ayurvedic doctor, is presently contemplating to come up as an entrepreneur.

The job at Union Bank marked a sudden change in his artistic career.Though the seamless city made him frantic a bit in the outset,the banner 'Kerala-Kolkata Festival' which caught his eyes on a boredom-tainted evening trip, took his life to a novel trail.

He would get close to people very quickly and the theatrical venues in Kolkata soon became the destinations to which he frequented. He directed as many as ten plays, and acted significant and insignificant roles either in other plays.Those who acted in the plays directed by him were awarded.What else would he have expected to be ever happier than this?He made his debut in the play 'Veerasrinkhala'. In Francis T Mavelikkara's play 'Bhimasenan', his role as Arjuna caught the attention of the audience.

He directed the children's play 'Ivide Rajavu'(by Mullanezhi) which bestowed him enough confidence as a director.What followed proved to be a milestone in his life when he directed Karivallur Murali's 'Kuruthippadam' which caught widespread recognition by virtue of capitalising on harnessing technological advancements in all it's excellence. The play which had 75 artists on stage acting out different roles and 30 artists off stage witnessed Shyam playing the role of Comrade A V Kunjambu and it showcased his talent as a director.What came along with it was evolution from being a part of amateur drama to the very embodiment of professionalism.He also played a small role in a short film as a part of the project of the Satyajit Ray Film Institute in Kolkata, which bagged a National Award in the Non-Feature category.

Later on,he directed a few plays based on the work of A. Santhakumar,native of Kozhikode.Rarely did Shyam acted in the plays directed by him. Ms Subina Balakrishnan,an actress which played a noteable role in 'Sheershasanam'(by Riyas) won the Best Actress award at the competition hosted by Sangeetha Nataka Academy.Plays titled 'Oru Desham Nuna Parayunnu', 'Ghatakarparanmar' and 'Daaham' merits mention among his directorial ventures. Vivek Chandrasekhar won Sangeetha Nataka Academy Award for the Best Actor for 'Baithul Firdaus' directed by Shyam and written by Aziz Peringode. Other significant plays are 'Kuriyedathu Thathri','Radheyanaya Karnan' and 'Recycle Bin' which centred around Perarivalan,all of which were exemplary and satiating experiences,as he recounts.

Though poetry, singing and football are his hobbies oftentimes,what deserves a mention especial of him,would be of his role as an organizer.He moved to Kozhikode from Kolkata in 2016, and with Abdul Salam alongside him,premeditated Saturnalia-The cultural extravaganza organized by Union Bank of India Staff Recreation Club which indeed the Unionites can talk in lengths about on account of the excitement it invokes in the likeness of a College Youth Festival. (Salam has been featured as a talented banker through this column before). The event was well

lauded and it's worth mentioning that Shyam's talent as an organizer won recognition of the management and staff.

Talented Bankers Community wishes that Shyam would continue to mesmerize the audience with his creative pursuits.May he set an example to the banking fraternity to keep on nurturing our talents, whatsoever we are innately in blessed possession of,despite being amidst our hectic lives as bankers.